**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1722</u> <u>11/2/2013-ൽ മറുപടിയ്ക്ക്</u>

<u>കൃഷി വകുപ്പ് കർഷകർക്ക് നൽകിവരുന്ന പെൻഷൻ പദ്ധതികൾ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം | **ശ്രീ. കെ.പി.മോഹനനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ കൃഷി വകുപ്പ് നിലവിൽ കർഷകർക്ക് നൽകി വരുന്ന പെൻഷനുകൾ ഏതെല്ലാം; എന്നറിയിക്കുമോ; | എ) 'കിസാൻ അഭിമാൻ' പദ്ധതി എന്ന പേരിൽ നെൽ കർഷകർക്ക് മാത്രം മാസം 300 രൂപ ക്രമത്തിൽ 2012 ഫെബ്രുവരി മാസം വരെ പെൻഷൻ നൽകിയിരുന്നു. തുടർന്ന് 'ചെറുകിട-നാമമാത്ര കർഷക പെൻഷൻ പദ്ധതി ' എന്ന പേരിൽ മറ്റു കൃഷികൾ ചെയ്യുന്നവർ ഉൾപ്പെടെ, കിസാൻ അഭിമാൻ പദ്ധതിയിൽ അംഗങ്ങളായിരുന്നവരെയും ഉൾക്കൊളളിച്ചുകൊണ്ട് 207844 കർഷകർക്ക് 2012 മാർച്ച് മാസം മുതൽ പെൻഷൻ നൽകുന്നുണ്ട്. |
| ബി) ഇവ ഓരോന്നിനും നൽകി വരുന്ന തുക എത്രയെന്ന് അറിയിക്കാമോ ; | ബി) നിലവിൽ പ്രതിമാസം, 400 രൂപ നിരക്കിലാണ് പെൻഷൻ നൽകുന്നത്. |
| സി) ഈ പെൻഷനുകളുടെ വിതരണത്തിൽ കുടിശ്ശികയുണ്ടോ ;<br>ഡി) എന്നു മുതൽക്കാണ് കുടിശ്ശികയുള്ളത് എന്നറിയിക്കാമോ ? | സി) & ഡി) ഉണ്ട്. 2012 മെയ് മാസം മുതൽ പെൻഷൻ കുടിശ്ശികയുണ്ട്. പെൻഷൻ കുടിശ്ശിക നൽകുന്നതിന് ആവശ്യമായ തുക 31.01.2013 ലെ സർക്കാർ ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി ലഭിച്ചിട്ടുണ്ട്. കുടിശ്ശിക പെൻഷൻ തുക |

കർഷകരുടെ അക്കൗണ്ടുക
ളിലേക്ക് ഇ-പെയ്മെന്റ് മുഖേന
നൽകുന്നതിന് നടപടി
സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**